**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **29-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുക മുഴുവൻ കൈമാറിയിട്ടുണ്ടോ; | (എ) | വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിയ്ക്കുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ എത്ര തുക ഇനി കൈമാറാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ ഉത്തരവ് മുഖേന അനുവദിച്ച് ലഭിച്ച തുകയിൽ 2,68,879/- രൂപ കൃഷി ഡയറക്ടറുടെ ആഫീസിൽ നിന്നും അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാക്കി മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 28 അപേക്ഷകളിന്മേൽ 5,95,556/- രൂപയുടെ കടാശ്വാസ തുക അനുവദിച്ച് ലഭിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച 11,02,56,895/- രൂപയുടെ 1808 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ആയത് പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ബാക്കി തുക അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | പരിശോധനാ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ